/5463029/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (റ്റി) വകുപ്പ്

നമ്പർ.REV-T2/243/2022-REV

21-10-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

ജില്ലാ കളക്ടർ,

കോട്ടയം

സർ,

വിഷയം:- റവന്യൂ വകുപ്പ്- വിവാഹമോചിതരായമാതാപിതാക്കളുടെ മക്കൾക്ക് EWS സർട്ടിഫിക്കറ്റ് നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1. 12.02.2020 ലെ സ.ഉ.(കൈ)നം.2/2020/ഉ.ഭ.പ.വ.

2. താങ്കളുടെ 12.09.2022 ലെ DCKTM/ 8841/ 2022-M 1 നമ്പർ കത്ത്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.സൂചനയിലെ ഉത്തരവ് പ്രകാരം Income & Asset Certificate നൽകുന്നതിന് അപേക്ഷ സമർപ്പിക്കുന്ന വർഷത്തിന് തൊട്ട് മുൻപത്തെ സാമ്പത്തിക വർഷത്തെ വരുമാനമാണ് അടിസ്ഥാനമാക്കേണ്ടത്. ഇത്തരത്തിൽ വിവാഹമോചിതരായ മാതാപിതാക്കളുടെ മക്കൾക്ക് EWS സർട്ടിഫിക്കറ്റ് നൽകുന്നതിനായി വിവാഹമോചിതരാകുന്നത് വരെയുള്ള മാതാപിതാക്കളുടെ വരുമാനം, ആസ്തി എന്നിവ ഇതിനായി കണക്കാവുന്നതാണ്.

ലാൻഡ് റവന്യൂ മാന്വൽ ഖണ്ഡിക 247 ൽ വരുമാന സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ചും, ഖണ്ഡിക 248 ൽ വരുമാനം നിർണ്ണയിക്കുന്നത് സംബന്ധിച്ചും പ്രതിപാദിച്ചിട്ടുണ്ട്.ഖണ്ഡിക 247 ലെ വിശദീകരണം 3 ൽ അപേക്ഷകന്റേയോ അപേക്ഷകയുടേയോ മാതാവോ പിതാവോ വിവാഹ ബന്ധം വേർപെടുത്തിയ ശേഷം ഉപേക്ഷിച്ച് പോയിട്ടുള്ള പക്ഷം അത്തരത്തിൽ ഉപേക്ഷിച്ച് പോയ മാതാവിന്റെ/ പിതാവിന്റെ വരുമാനം കുടുംബ വാർഷിക വരുമാന നിർണ്ണയത്തിന് പരിഗണിക്കേണ്ടതില്ലാത്തതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.ആയതിനാൽ വരുമാന നിർണ്ണയത്തിന് ലാൻഡ് റവന്യൂ മാന്വൽ ഖണ്ഡിക 247-248 ലെ വ്യവസ്ഥകൾ കൂടി പരിശോധിക്കാവുന്നതാണ് എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

മത്തായി.എൻ.വി

ജോയിന്റ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by Sindhu Beegum M S

Date: 21-10-2022 17:16:48

സെക്ഷൻ ഓഫീസർ